REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 27-04-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒടുവിലെ കണക്കനുസരിച്ച് 71.16 ശതമാനം പോളിംഗ് . വീട്ടിലെ വോട്ടും തപാൽ വോട്ടുകളും ഉൾപ്പെടുത്തുമ്പോൾ പോളിംഗ് ശതമാനം ഉയരും.
- വോട്ടെടുപ്പിൽ വ്യാപക വീഴ്ചകൾ സംഭവിച്ചതായും പോളിംഗ് വൈകിയത് അന്വേഷിക്കണമെന്നും AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ.
- ഡിജിലോക്കറിന്റെ സുരക്ഷിതവും ലളിതവുമായ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ വ്യോമസേനയും ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും ധാരണാപത്രം ഒപ്പുവച്ചു.
- വനിതകളുടെ അമ്പെയ്ത്ത് ലോകകപ്പിൽ ഇന്ത്യയ്ക്ക് സ്വർണം.
- IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് ഇന്നലെ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒടുവിലെ കണക്കനുസരിച്ച് 71.16 ശതമാനം വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. വീട്ടിലെ വോട്ടും തപാൽ വോട്ടുകളും കൂടി ഉൾപ്പെടുത്തി അന്തിമ കണക്ക് വരുമ്പോൾ പോളിംഗ് ശതമാനം ഇനിയും ഉയരും. എന്നാലും കഴിഞ്ഞ തവണത്തെ**

പോളിംഗ് ശതമാനത്തിലെത്തില്ല. 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 77.84 ശതമാനമായിരുന്നു പോളിംഗ്.

**ഡെസ്ക്ക് റിപ്പോർട്ട്**

**...............(വോയ്സ്).................**

ഏറ്റവും ഉയർന്ന പോളിംഗ് വടകര മണ്ഡലത്തിലാണ്- 78.08 ശതമാനം. കുറവ് പത്തനംതിട്ടയിലും-63.35 ശതമാനം. മറ്റ് ലോക്സഭാ മണ്ഡലങ്ങളിലെ പോളിംഗ് ശതമാനം ഇപ്രകാരമാണ്.

1. തിരുവനന്തപുരം-66.46
2. ആറ്റിങ്ങൽ-69.4
3. കൊല്ലം-68.09
4. മാവേലിക്കര-65.91
5. ആലപ്പുഴ-74.9
6. കോട്ടയം-65.6
7. ഇടുക്കി-66.53
8. എറണാകുളം-68.27
9. ചാലക്കുടി-71.84
10. തൃശൂർ-72.79
11. പാലക്കാട്-73.37
12. ആലത്തൂർ-73.20
13. പൊന്നാനി-69.21
14. മലപ്പുറം-72.90
15. കോഴിക്കോട്-75.42
16. വയനാട്-73.48
17. കണ്ണൂർ-76.92

**18. കാസർഗോഡ്-75.94**

**രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാരിൽ ഒരു കോടി 97 ലക്ഷത്തി 48,764 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. 71.72 ശതമാനം സ്ത്രീകൾ വോട്ട് രേഖപ്പെടുത്തിയപ്പോൾ 70.57 ശതമാനം പുരുഷൻമാരാണ് വോട്ട് ചെയ്തത്. 147 ട്രാൻസ്ജെൻഡർമാർ വോട്ട് ചെയ്തെന്നും ഇത് 40.05 ശതമാനം വരുമെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.**

✪✪✪

**ലോക്സഭ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് സംസ്ഥാനത്ത് സുഗമമായും സുരക്ഷിതമായും പൂർത്തിയായെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. വൈകിട്ട് ആറിന് ശേഷവും ക്യൂവിലുണ്ടായിരുന്ന മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം ഒരുക്കി.**

**സംസ്ഥാനത്തൊരിടത്തും അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല. ചിലയിടങ്ങളിലെ സാങ്കേതിക പ്രശ്നങ്ങളും പരാതികളും അപ്പപ്പോൾ തന്നെ പരിഹരിക്കാൻ കഴിഞ്ഞുവെന്ന് അദ്ദേഹം തിരുവനന്തപുരത്ത് അറിയിച്ചു.**

**വോട്ടിങ് പൂർത്തിയായ ശേഷം വോട്ടിംഗ് യന്ത്രങ്ങൾ പോളിങ് ബൂത്തുകളിൽ നിന്ന് സുരക്ഷിതമായി 140 കളക്ഷൻ കേന്ദ്രങ്ങളിലെത്തിച്ചു. 20 കേന്ദ്രങ്ങളിലെ സ്ട്രോങ് റൂമുകളിലാണ് അവ സൂക്ഷിക്കുന്നത്. അതീവ സുരക്ഷാ സംവിധാനങ്ങൾ സ്ട്രോങ് റൂമുകൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.**

✪✪✪

**സംസ്ഥാനത്ത് വോട്ടിംഗ് ശതമാനം ഗണ്യമായി കുറഞ്ഞെങ്കിലും പ്രതീക്ഷയിലും ആശങ്കയിലുമാണ് മുന്നണികളും സ്ഥാനാർത്ഥികളും. പോളിംഗ് ശതമാനം കുറഞ്ഞത് ബാധിക്കില്ലെന്നും വിജയം സുനിശ്ചിമാണെന്നുമാണ് മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ അവകാശപ്പെടുന്നത്. മണ്ഡലങ്ങളുടെ സൂക്ഷ്മ വിശകലനത്തിലേക്ക് മുന്നണികൾ ഇനിയും കടന്നിട്ടില്ല.**

✪✪✪

**സംസ്ഥാനത്ത് മുഴുവൻ സീറ്റും UDF നേടുമെന്ന് AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ പറഞ്ഞു. വോട്ടെടുപ്പിൽ വ്യാപകമായ വീഴ്ചകൾ സംഭവിച്ചതായും UDF ന് മേധാവിത്വമുള്ള ബൂത്തുകളിൽ പോളിംഗ് വൈകിയത് അന്വേഷിക്കണമെന്നും അദ്ദേഹം**

തിരുവനന്തപുരത്ത് മാധ്യമങ്ങളോടു പറഞ്ഞു. പോളിംഗ് ശതമാനം കുറയ്ക്കാൻ ബോധപൂർവ്വമായ ശ്രമമുണ്ടായെന്നും ഉദ്യോഗസ്ഥരെ ഉപയോഗിച്ച് തിരഞ്ഞെടുപ്പിനെ CPIM ഹൈജാക്ക് ചെയ്യാൻ ശ്രമിച്ചുവെന്നും വേണുഗോപാൽ ആരോപിച്ചു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം മറ്റന്നാൾ തിരുവനന്തപുരത്ത് ചേരും. ലോക്സഭാ തിരഞ്ഞെടുപ്പ് അവലോകനത്തിനൊപ്പം E.P.ജയരാജനെതിരെ ഉയർന്ന ആരോപണങ്ങളും ചർച്ചയായേക്കും.

✪✪✪

പ്രകാശ് ജാവ്ദേക്കറുമായി കൂടിക്കാഴ്ച്ച നടത്തിയ LDF കൺവീനർ ഇ പി ജയരാജനെതിരെ CPIM നടപടി സ്വീകരിച്ചാൽ കൂടുതൽ രഹസ്യങ്ങൾ പുറത്തുവരും എന്നതിനാൽ അദ്ദേഹത്തിനെതിരെ ഒരു നടപടിയും പ്രതീക്ഷിക്കുന്നില്ലെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. മുഖ്യമന്ത്രി അറിയാതെ ഇത് നടക്കില്ലെന്നും മുഖ്യമന്ത്രിയുടെ ദൂതനായിട്ടാണ് ഇ പി ജയരാജൻ കൂടിക്കാഴ്ച്ച നടത്തിയതെന്നും ചെന്നിത്തല തിരുവനന്തപുരത്ത് ആരോപിച്ചു.

✪✪✪

കണ്ണൂർ ലോക്സഭാ തിരഞ്ഞെടുപ്പിലെ ഇ വി.എം. ഉൾപ്പെടെ യന്ത്രങ്ങൾ കണ്ണൂർ ചാല ചിൻമയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സ്ട്രോംഗ് റൂമിലേക്ക് മാറ്റി. ജൂൺ നാലിന് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചാണ് വോട്ടെണ്ണൽ.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇന്നലെ 68.49 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏഴ് സംസ്ഥാനങ്ങളിൽ 70 ശതമാനത്തിലേറെയായിരുന്നു പോളിംഗ്.

ത്രിപുരയിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം - 79.66. മണിപ്പൂരിൽ 78.78 ശതമാനവും അസമിൽ 77.35 ശതമാനവും പോളിംഗ് ഉണ്ടായി. ഛത്തീസ്ഗഡിൽ 75.16 ശതമാനവും പശ്ചിമ ബംഗാളിൽ 73.78 ശതമാനവുമായിരുന്നു പോളിംഗ്. ജമ്മുകശ്മീരിൽ 72.32 ശതമാനം പോളിംഗ് ഉണ്ടായി.

54.85 ശതമാനം പേർ വോട്ട് ചെയ്ത ഉത്തർ പ്രദേശിലാണ് ഏറ്റവും കുറവ് പോളിംഗ്. ബീഹാറിൽ 57.81 ശതമാനം പേർ വോട്ടു ചെയ്തു.

മധ്യപ്രദേശിൽ 58.26 ശതമാനമാണ് പോളിംഗ്. മഹാരാഷ്ട്രയിൽ 59.63 ശതമാനവും രാജസ്ഥാനിൽ 64.07 ശതമാനവും കർണാടകയിൽ 68.47 ശതമാനവും പോളിംഗ് രേഖപ്പെടുത്തി.

അവസാന കണക്കുകൾ കൂടി ലഭ്യമാകുന്നതോടെ വോട്ടിംഗ് ശതമാനം നേരിയ തോതിൽ ഉയർന്നേക്കും.

✪✪✪

കേരളത്തിലെ 20 മണ്ഡലങ്ങൾ ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും ജമ്മുകശ്മീരിലുമായി 88 മണ്ഡലങ്ങളിലേക്കാണ് ഇന്നലെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. ഇതോടെ 12 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണപ്രദേശങ്ങളിലെയും വോട്ടെടുപ്പ് പൂർത്തിയായി.

✪✪✪

കോൺഗ്രസ് കേന്ദ്ര തെരഞ്ഞെടുപ്പ് സമിതി യോഗം വൈകീട്ട് ഡൽഹിയിൽ ചേരും. തുടർ ഘട്ടങ്ങളിലെ സ്ഥാനാർത്ഥികളെ യോഗം പ്രഖ്യാപിക്കും. അമേത്തി, റായ്ബറേലി മണ്ഡലങ്ങളിലെ സ്ഥാനാർഥികളുടെ പ്രഖ്യാപനാവും ഇന്ന് ഉണ്ടാകും.

✪✪✪

ഡിജിലോക്കറിന്റെ സുരക്ഷിതവും ലളിതവുമായ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ വ്യോമസേനയും ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും ധാരണാപത്രം ഒപ്പുവച്ചു. രേഖാ ശേഖരണ സേവനങ്ങൾ പ്രയോജനപ്പെടുത്താനായി ഡിജിലോക്കർ പ്ലാറ്റ്ഫോമുമായി സംയോജിപ്പിച്ചാണ് വ്യോമസേന പുതിയ ഡിജിറ്റൽ യാത്ര ആരംഭിച്ചത്. ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാമിന് കീഴിലെ പ്രധാന സംരംഭമാണിത്.

പുതിയ ചുവടുവെപ്പ് വായുസേനാ ഉദ്യോഗസ്ഥരുടെ നിർണായക സേവന രേഖകളിൽ വിപ്ലവം സൃഷ്ടിക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

UAE യിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം സ്വദേശിനി യായ അധ്യാപികയ്ക്ക് ആഗോളതലത്തിൽ ശ്രദ്ധേയമായ കേംബ്രിഡ്ജ് സമർപ്പിത അധ്യാപക അവാർഡ് ലഭിച്ചു. ഷാർജ അവർ ഓൺ ഇംഗ്ലീഷ് ഹൈസ്ക്കൂളിലെ അധ്യാപികയായ ജിന ജസ്റ്റസ് ആണ് ഈ വർഷത്തെ പുരസ്കാരത്തിന് അർഹയായത്.

141 രാജ്യങ്ങളിൽ നിന്ന് 14,000 ത്തിൽപ്പരം നാമനിർദ്ദേശങ്ങൾ പുരസ്കാര പരിഗണനയ്ക്കായി വന്നിരുന്നു.

✪✪✪

ഷാങ്ഹായിൽ ഇന്നു നടന്ന അമ്പെയ്ത്ത് ലോകകപ്പിൽ ഇറ്റലിയെ 236-225 എന്ന സ്കോറിന് തോൽപ്പിച്ച് ഇന്ത്യയുടെ ജ്യോതി സുരേഖ വെണ്ണം, അദിതി ഗോപിചന്ദ് സ്വാമി, പർണീത് കൗർ എന്നിവർ വനിതകളുടെ ഫൈനലിൽ സ്വർണം നേടി. 158-157ന് എസ്തോണിയയെ തോൽപ്പിച്ച് ജ്യോതി സുരേഖ വെണ്ണം-അഭിഷേക് വർമ സഖ്യം, സംയുക്ത മിക്സഡ് ടീം ഇനത്തിൽ സ്വർണ്ണം നേടി. അഭിഷേക് വർമ, പ്രിയാൻഷ്, പ്രതമേഷ് ഫുഗെ എന്നിവരടങ്ങിയ പുരുഷ ടീം 238 - 231 എന്ന സ്കോറിന് നെതർലൻഡ്സിനെ പരാജയപ്പെടുത്തി ഫൈനലിൽ സ്വർണം നേടി. പുരുഷ വിഭാഗത്തിൽ പ്രിയാൻഷും വനിതാ വിഭാഗത്തിൽ വെണ്ണവും വ്യക്തിഗത സെമിയിൽ മത്സരിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകീട്ട് മൂന്നരക്കാണ് മത്സരം.

ഇന്നലെ പഞ്ചാബ് കിങ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 8 വിക്കറ്റിന്പരാജയപ്പെടുത്തി.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, നാളെ മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട് ഫറോക്ക് മണ്ണൂരിന് സമീപം, ടൂറിസ്റ്റ് ബസ്സ് മറിഞ്ഞ് യാത്രക്കാരൻ മരിച്ചു. 15 ഓളം പേർക്ക് പരുക്കേറ്റു. കൊല്ലം സ്വദേശി അമലാണ് മരിച്ചത്. തിരുവനന്തപുരത്ത് നിന്നും ഉഡുപ്പിയിലേക്ക് സർവീസ് നടത്തുകയായിരുന്നു ബസ്.

✪✪✪

മൂന്നാറിലെ ജനവാസ മേഖലകളിൽ വീണ്ടും കടുവകൾ ഇറങ്ങി. മൂന്നാർ കന്നിമല ലോവർ ഡിവിഷനിലാണ് കടുവകളെ കണ്ടത്.

ജനവാസ മേഖലയിൽ മൂന്ന് കടുവകൾ ഇറങ്ങിയതിന്റെ ദൃശ്യങ്ങളും പുറത്തുവന്നു. കടുവകൾ എസ്റ്റേറ്റിലൂടെ നടന്നു നീങ്ങുന്ന ദൃശ്യങ്ങളാണ് പുറത്ത് വന്നത്. പ്രദേശത്ത് കടുവകൾ സ്ഥിരമായി എത്തുന്നതായി നാട്ടുകാർ പറഞ്ഞു. കഴിഞ്ഞ ദിവസം കന്നിമലയിലെ കർഷകന്റെ പശുവിനെ കടുവ പിടിച്ചിരുന്നു.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 160 രൂപ കൂടി 53,480 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,685 രൂപയായി .

✪✪✪

റെയിൽ പാതയിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ട്രെയിൻ സർവീസുകളിൽ മാറ്റം വരുത്തിയതായി റെയിൽവേ അറിയിച്ചു . ചൊവ്വാഴ്ച വൈകീട്ട് 4.55ന് തിരുവനന്തപുരം സെൻട്രലിൽ നിന്ന് പുറപ്പെടുന്ന തിരുവനന്തപുരം സെൻട്രൽ - സിൽചാർ അരോണൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് പൂർണമായും റദ്ദാക്കി.

✪✪✪

തിരുവനന്തപുരം - കോഴിക്കോട്- തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസിൽ മറ്റന്നാൾ വരെ ഓരോ അഡീഷണൽ ചെയർ കാർ കോച്ചുണ്ടാകുമെന്ന് റെയിൽവെ അറിയിച്ചു. യാത്രക്കാരുടെ തിരക്ക് പരിഗണിച്ചാണ് നടപടി.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള - തമിഴ്നാട്, തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു . നാളെ പുലർച്ചെ 02.30 മുതൽ രാത്രി 11.30 വരെ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪